ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. DTETVM/8902/2025-C2 (ACA) തീയതി: 09-10-2025

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക - വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം - അക്കാദമിക് സെക്ഷൻ - ഹാജർകുറവ് മാപ്പാക്കുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി അറിയിക്കുന്നത് .- സംബന്ധിച്ച്.

സൂചന :- 1.07.04.2023 തീയതിയിലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ.C2/9698/DTE
2.26.08.2025 തീയതിയിലെ ഈ ഓഫീസിലെ ഉത്തരവ് നമ്പർ.DTETVM/5438/2025/C2(ACA)

ഈ വകുപ്പിന് കീഴിലുള്ള പോളിടെക്നിക് കോളേജുകളിൽ 2025 നവംബർ മാസത്തിൽ നടക്കുന്ന (റിവിഷൻ 21 - S3/S5) റഗുലർ ഡിപ്ലോമ പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികളുടെ ഹാജർ കുറവ് മാപ്പാക്കലിനുള്ള അപേക്ഷ റഗുലർ ക്ലാസ്സുകൾ കഴിഞ്ഞാലുടൻ തന്നെ സ്ഥാപനമേധാവി വിദ്യാർത്ഥികളിൽ നിന്നും സ്വീകരിച്ച് ആവശ്യമായ രേഖകൾ സഹിതം ഈ ഓഫീസിലേക്ക് സൂചന (1) പ്രകാരം അയച്ചു തരേണ്ടതാണ്. സൂചന (2) പ്രകാരം Condonation ഫീസുകൾ വിദ്യാർത്ഥികൾ ഒടുക്കേണ്ടതാണ്. അപേക്ഷകളും അനുബന്ധ രേഖകളും ട്യൂട്ടർ, HOD, സ്ഥാപനമേധാവി എന്നിവർ സൂക്ഷ്മപരിശോധന നടത്തി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾ സമർപ്പിക്കുന്ന മെഡിക്കൽ, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ട്യൂട്ടർ കൌണ്ടർ സൈൻ ചെയ്യേണ്ടതാണ്. S3/S5 വിദ്യാർത്ഥികളുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള **അവസാന തീയതി 2025 ഒക്ടോബർ 18 വൈകുന്നേരം 5 മണി വരെയാ**ണ് എന്നുള്ള വിവരം എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ മാരെയും അറിയിയ്ക്കുന്നു. അപേക്ഷകൾ താഴെ പറയുന്ന മെയിൽ മുഖേന മാത്രം അയക്കേണ്ടതും ഹാർഡ് കോപ്പി നിർബന്ധമായും ലഭ്യമാക്കേണ്ടതാണ്. രേഖകൾ അയക്കുന്ന തപാലിൽ "URGENT-ACADEMIC" എന്ന് രേഖപ്പെടുത്തേണ്ടതാണ്. അവസാന തീയതിക്ക് ശേഷം വരുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
mail id: c2dteacadamicsection@gmail.com

**Condonation Fees :**

**First - 620/-**
**Second - 920/-**
**Third - 1220/-**

Shibu R S
DEPUTY DIRECTOR GENERAL

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ പോളിടെക്നിക് കോളേജ് സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shibu R S
Date: 09-10-2025 14:28:34